LIBRARY ARCHIVES Kerala Legislative Assembly

കൃഷി ആവശ്യത്തിന് വൈദ്യുതി

101(1086) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

ഉണ്ട്.

(ബി) പുതിയതായി പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് എന്തൊക്കെ നിബന്ധനകളാണ് നിഷ്കർഷിച്ചിരിക്കുന്നത്; വിശദമാക്കാമോ?

കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം വൈദ്യുതി സൗജന്യത്തിനുള്ള അർഹത സംബന്ധിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

i) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ കർഷകർ.

ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.

iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.

iv) നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ല.

ഓഫീസ് കെട്ടിടമില്ലാത്ത കൃഷിഭവനുകൾ

102(1087) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ എത്ര കൃഷിഭവനുകൾക്ക് സ്വന്തമായി ഓഫീസ് കെട്ടിടമുണ്ട്; വ്യക്തമാക്കുമോ?

നിലവിൽ തൃശ്ശൂർ നിയോജക മണ്ഡലത്തിലെ വിൽവട്ടം, ഒല്ലൂർ, ക്ലർക്കഞ്ചേരി, അയ്യന്തോൾ എന്നീ നാല് കൃഷി ഭവനുകൾക്ക് സ്വന്തമായി ഓഫീസ് കെട്ടിടമുണ്ട്. കൂടാതെ ഒല്ലൂക്കര കൃഷി ഭവന്റെ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു.